പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3233      13-10-2011 - ൽ മറുപടിക്ക്

## സർക്കാർ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ബഹു: ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ കേസുകൾ സുപ്രീം കോടതിയിൽ കൈകാര്യം ചെയ്യുന്നതിന് നില വിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; | സർക്കാർ കേസുകൾ സുപ്രീംകോടതിയിൽ കൈകാര്യം ചെയ്യുന്നതിന് 5 സ്റ്റാന്റിംങ് കൗൺസൽമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥിരസംവിധാനത്തിനു പുറമേ സർക്കാരിനുവേണ്ടി ഹാജരാകാൻ മറ്റു വക്കീലന്മാരെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ; | ഇതിനുപുറമേ 16 സീനിയർ അഭിഭാഷകരെ ഉൾപ്പെടുത്തി ഒരു പാനൽ നിലവിലുണ്ട്. ബന്ധപ്പെട്ടവകുപ്പുകൾ കേസുകൾ നടത്തുന്നതിന് ചില പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് പ്രസ്തുത പാനലിന് പുറമേ നിന്നുള്ള അഭിഭാഷകരെ നിയോഗിക്കാറുണ്ട്. ഇപ്രകാരം നിയമന ഉത്തരവ് നൽകുമ്പോൾ പ്രസ്തുത സീനിയർ അഭിഭാഷകനെ നിയമിക്കാനിടയായ പ്രത്യേക സാഹചര്യങ്ങളും അവരുടെ ഫീസും പ്രത്യേകം വിശദീകരിക്കേണ്ടതുണ്ട്. ഇതുകൂടാതെ സീനിയർ അഭിഭാഷകനെ നിയമിക്കണമെന്ന് കാണിച്ച് ബന്ധപ്പെട്ട ഭരണവകുപ്പ് അഡ്വക്കേറ്റ് ജനറലിന് അയയ്ക്കുന്ന ശുപാർശ കത്തിൽ ഉയർന്ന നിരക്കിൽ ഫീസ് നിശ്ചയിക്കേണ്ടിവന്ന സാഹചര്യങ്ങൾ വ്യക്തമാക്കിയിരിക്കണം എന്ന് 21-06-2007 ലെ നം. 5522/ബി 1/07/നിയമം സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ പ്രൈവറ്റ് വക്കീലന്മാരെ സംസ്ഥാന ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിയോഗിച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്താമോ; | സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി കേസുകൾ വാദിക്കുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള മൂന്ന് അഭിഭാഷകർക്കു (സ്റ്റാൻഡിംഗ് കൗൺസൽ) പുറമേ താഴെ പറയുന്ന സീനിയർ അഭിഭാഷകരെ 288 കേസുകൾ വാദിക്കുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഇതിൽ, സർക്കാർ അംഗീകൃത പാനലിലുള്ള ശ്രീമാന്മാരായ ടി.എൽ.വിശ്വനാഥ അയ്യർ, കെ.പരാശരൻ, പി.പി.റാവു, കെ.കെ. വേണുഗോപാൽ, ഗോപാൽ സുബ്രഹ്മണ്യം, എന്നിവർ 156 |

| | | |
|---|---|---|
| | | കേസിലും ശ്രീമാന്മാരായ എം.എൽ.വർമ്മ, സി.എസ്.രാജൻ, സി. എസ്. വൈദ്യനാഥൻ, നാഗേശ്വര റാവു, പി.കൃഷ്ണമൂർത്തി, ജയദീപ് ഗുപ്ത, ജെ.സി.ഗുപ്ത, സോളി സൊറാബ്ജി, മരിയാർപ്പുതം, പരംജിത് സിങ് പട് വാലിയ, യശോബന്ത് ദാസ്, ടി.ആർ.അന്ത്യാർജുന, അരവിന്ദ് വി.സാവന്ത്, കെ.എൻ.ഭട്ട്, വി.ഗിരി,അനിൽ ദിവാൻ ദ്വിവേദി, രാകേഷ് ദ്വിവേദി, വി.ശേഖർ, രാജു രാമചന്ദ്രൻ, അശോക് ദേശായി,രാജീവ് ദവാൻ, രജീന്ദ്ര സച്ചാർ, യു.വി.ലലിത്, അൽത്താഫ് അഹമ്മദ്, ജി.ഇ.വാഹൻവതി, ശാന്തി ഭൂഷൺ, ആർ.വെങ്കിട്ടരമണി എന്നീ സീനിയർ അഭിഭാഷകർ 132 കേസുകളിലും വാദിക്കുന്നതിനുമായിട്ടാണ് നിയോഗിക്കപ്പെട്ടത്.<br><br>അതായത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ സുപ്രീം കോടതിയിലും, കേരള ഹൈക്കോടതിയിലും സംസ്ഥാന സർക്കാരിനുവേണ്ടി 132 കേസുകൾ വാദിക്കുന്നതിന് പുറത്തു നിന്നുള്ള സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്.<br><br>കേരള ഹൈക്കോടതിയിൽ 13 സർക്കാർ കേസുകൾ വാദിക്കുന്നതിനായി പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരെ നിയോഗിച്ചിട്ടുണ്ട്. സീനിയർ അഭിഭാഷകരായ ശ്രീമന്മാരായ എ. മജുംദാർ, അമരേന്ദ്ര ശരൺ, സി. എസ്. വൈദ്യനാഥൻ, നിദീഷ് ഗുപ്ത, ദേബി പ്രസാദ് പാൽ, ജയദീപ് ഗുപ്ത, ആർ. കെ. ആനന്ദ്, ആർ. വെങ്കിട്ട രമണി, രജീന്ദ്ര സച്ചാർ, അരവിന്ദ്. പി. ദത്തൻ എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളത്. |
| (ഡി) | മുൻമുഖ്യമന്ത്രി വ്യക്തിപരമായി നൽകിയ കേസുകളിൽ സർക്കാരിന്റെ കീഴിലെ നിയമ സംവിധാനത്തെ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ:; | മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത Crl. A. 350/06 (ഇടമലയാർ കേസ്)- ൽ, സർക്കാരിനുവേണ്ടി സ്റ്റാന്റിംഗ് കൗസിലായ ശ്രീ. പി. വി. ദിനേശും, സീനിയർ അഭിഭാഷകരായ ശ്രീ. നാഗേശ്വര റാവുവും ശ്രീ. ആർ. എസ്. സോധിയും ഹാജരായിട്ടുണ്ട്. |
| (ഇ) | അത്തരത്തിലുള്ള ഏതെങ്കിലും കേസ്സിൽ നിയോഗിച്ച സ്വകാര്യ അഭിഭാഷകന് സർക്കാർ ഖജനാവിൽ നിന്നും ഫീസ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | മുൻമുഖ്യമന്ത്രി സിപ്രീംകോടതിയിൽ ഫയൽചെയ്ത പ്രസ്തുതകേസിൽ ഹാജരായ അഭിഭാഷകരുടെ ബില്ലുകൾ സർക്കാരിന്റെ പരിഗണനയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയതിന് ഫീസ് അനുവദിച്ചുനൽകണമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (എഫ്) | മുൻസർക്കാരിന്റെ കാലത്ത് സ്വകാര്യ അഭിഭാഷകരെ സർക്കാർ കേസ്സുകൾക്ക് നിയോഗിച്ചവകയിൽ എന്ത് തുക ഇതേവരെ ചെലവായിട്ടുണ്ട; ഇനി | മുൻ സർക്കാരിന്റെ കാലത്ത് സ്വകാര്യ അഭിഭാഷകരെ സർക്കാർ കേസുകൾക്ക് നിയോഗിച്ച വകയിൽ ചിലവായതുക സംബന്ധിച്ച് വിശദവിവരം അനുബന്ധമായി ചേർക്കുന്നു. ഇടമലയാർ കേസിൽ സുപ്രീംകോടതിയിലും ലോട്ടറികേസിൽ കേരളഹൈക്കോടതിയിലും സർ |

| | | |
|---|---|---|
| | എന്ത് തുക നൽകാനുണ്ട്. | ക്കാരിനുവേണ്ടി സ്വകാര്യ അഭിഭാഷകർ ഹാജരായതിന്റെ ബില്ലുകളും സർക്കാർ പരിശോധിച്ചുവരുന്നു. |
| (ജി) | ഇക്കാര്യത്തിൽ നിയമവിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ? | നിയമ വിരുദ്ധമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. മേൽ പറഞ്ഞിരിക്കുന്ന കേസുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന തുകയിൽ നിയമവിരുദ്ധമായി എന്തെങ്കിലും ഉണ്ടോ എന്ന് സർക്കാർ പരിശോധിച്ച് വരുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.